(ബി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അവ നികത്താറുണ്ട്.

(സി) ഉത്തരം (ബി)യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ടി സ്ഥലങ്ങളിൽ എ.ആർ. ക്യാമ്പിൽ നിന്നും ആവശ്യമായ പോലീസുകാരെ ഡ്യൂട്ടിക്കായി അയയ്ക്കാറുണ്ട്. റൂറൽ എ. ആർ. ക്യാമ്പ് സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സ്വന്തമായി കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾ

44 [5187] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര പോലീസ് സ്റ്റേഷനുകളാണ് സംസ്ഥാനത്ത് നിലവിലുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) വയനാട്, കോഴിക്കോട് ജില്ലകളിലെ ഏതെല്ലാം പോലീസ് സ്റ്റേഷനുകൾക്കാണ് സ്വന്തമായി കെട്ടിടം ഇല്ലാത്തത് എന്ന് വിശദമാക്കാമോ;

(സി) ഇവയ്ക്ക് കെട്ടിടമുണ്ടാക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടിയെക്കുറിച്ച് വിശദമാക്കാമോ;

(ഡി) വയനാട് ജില്ലയിൽ കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടത്തിനായി സ്ഥലം ഏറ്റെടുക്കാൻ ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും പ്രൊപ്പോസലുകൾ ഡി.ജി.പി.-ക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 85 പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടമില്ല.

(ബി) വയനാട് ജില്ല: തലപ്പുഴ, പടിഞ്ഞാറെത്തറ

കോഴിക്കോട് ജില്ല: ബേപ്പൂർ, കൊയിലാണ്ടി, മേപ്പയൂർ, കൊടുവള്ളി, തൊട്ടിൽപാലം, പെരുവണ്ണാമൂഴി, വളയം, നാദാപുരം എന്നീ പോലീസ് സ്റ്റേഷനുകൾക്കാണ് സ്വന്തമായി കെട്ടിടമില്ലാത്തത്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു. വളയം, നാദാപുരം പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തലപ്പുഴ പോലീസ് സ്റ്റേഷൻ കെട്ടിടം പണി ആരംഭിക്കുന്നതാണ്. സ്വന്തമായി സ്ഥലമില്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് സ്ഥലം അക്വയർ ചെയ്യാനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറ പോലീസ് സ്റ്റേഷൻ കെട്ടിടത്തിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് ജില്ലാ പോലീസ് സൂപ്രണ്ടിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. സ്ഥലം എടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly